1

# ദൈവം

ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല ... ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു; അതുകൊു, ഞാൻ പ്രാർത്ഥിക്കുന്നു. ആ ലളിതമായ സത്യം നാം പ്രാർത്ഥനയെ ദുർവിനിയോഗം ചെയ്യുന്നതിനെ വ്യക്തമാക്കുന്നു. നാം പരാജയപ്പെടുന്നതു (1) ദൈവത്തെ മനസിലാക്കുവാനും (2) വിശ്വാസം മനസിലാക്കുവാനുമാണ്. പ്രാർത്ഥന എന്നതു നമ്മുടെ ദൈവത്തിലുള്ള ആശ്രയവും വിശ്വാസശബ്ദവുമാണ്. ദൈവത്തെകുറിച്ചുള്ള പരിജ്ഞാനമാണ് ദൈവത്തോടു സംസാരിക്കുന്ന നമ്മുടെ പരിശീലനം തീരുമാനിക്കുന്നത്. പ്രശ്നം, നിസാരമായി പറഞ്ഞാൽ, *ദൈവം* എന്നാണ്! പരമോന്നതനും, മാറാത്തവനും, പരിശുദ്ധനും, അനന്തനും, നിത്യനും, സർവ്വവ്യാപിയും, സർവ്വശക്തനും, നീതിമാനും, കരുണയുള്ളവനും ആണ് ദൈവം. സൃഷ്ടിക്കുന്ന, രക്ഷിക്കുന്ന, ന്യായംവിധിക്കുന്നവനാണ് ദൈവം! ബൈബിളിലെ അബ്രഹാമിന്റേയും, ഇസഹാക്കിന്റേയും, യാക്കോബിന്റേയും ദൈവം! *യഹോവയായിരുന്നു!* പ്രാർത്ഥനയെകുറിച്ചുള്ള ഏതൊരു പഠനവും ദൈവപരിജ്ഞാനവുമായി ബന്ധപ്പെട്ടുള്ളതാണ്. നാം ദൈവത്തെ അന്വേഷിക്കുകയും, അറിയുകയും, ആശ്രയിക്കുകയും, അനുസരിക്കുകയും വേണം. അതു കൂടാതെ, പ്രാർത്ഥന ഒന്നുമല്ല. ദൈവത്തിന്റെ ഭയങ്കരത്വമാണ് പ്രാർത്ഥനക്കു ഗാംഭീര്യം നല്കുന്നത്.

അതുകൊു, ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. നാം ദൈവത്തെ കുകൊാണ് ആരാധിക്കുന്നത്. ആരാധിച്ചുകഴിഞ്ഞിട്ടല്ല നാം ദൈവത്തെ കാണുന്നത്. അവർ ദൈവത്തിന്റെ മുമ്പാകെ വന്നപ്പോൾ, മോശെ സിനായിയിൽ വെച്ച് വിറെച്ചു, ദാനിയേൽ മോഹാലസ്യപ്പെടുകയും, അപ്പൊസ്തലനായിരുന്ന യോഹന്നാൻ മരിച്ചവനെപോലെ ആകുകയും ചെയ്തു. ജീവനുള്ള ദൈവത്തിന്റെ പരമാധികാരത്തെ അവർ അഭിമുഖീകരിച്ചു! നമുക്ക് ദൈവത്തിലുള്ള വിശ്വാസത്താൽ, ദൈവം നിർവ്വചിച്ചിരിക്കുന്നതാണ് പ്രാർത്ഥന. ദൈവത്തോടുള്ള നമ്മുടെ പ്രതികരണമാണ് നമ്മുടെ പ്രാർത്ഥന. ഇതാണ് പ്രാർത്ഥനയുടെ ആരംഭം. ഞാൻ പരിമിതിയുള്ളവനും, ബലഹീനനും, അജ്ഞനും, പാപിയും, നഷ്ടപ്പെട്ടവനും, നശിച്ചവനുമാണ്. വീണുപോയ മനുഷ്യന്നു പരമാധികാരിയായ ദൈവം ആവശ്യമാണ്! അവനു ഒരാൾ ു്! നഷ്ടപ്പെട്ട മനുഷ്യനു രക്ഷകൻ ആവശ്യമാണ്! അവനു ഒരാൾ ു്! ഒരു അനുഭവജ്ഞാനാതീതമായ (ബാഹ്യമായ/വസ്തുനിഷ്ഠത) ദൈവമാണ് തികഞ്ഞ സത്യത്തിന്റെ അടിസ്ഥാനം. അത്തരം ദൈവം ഇല്ലെങ്കിൽ, ധാർമ്മികതയോ നീതിയോ ഉാവുകയില്ല. നിത്യനായ ദൈവം നിത്യമായ സത്യത്തെ വെളിപ്പെടുത്തുന്നു. വീണുപോയ മനുഷ്യൻ ദൈവത്തെ *തോന്നുകയല്ല* വേ ത് ദൈവത്തെ *അറിയണം.* ഇന്നു ആളുകൾക്കു, ഉള്ളിൽ തോന്നലുകളും പുറത്തു വിചാരങ്ങളുമാണുള്ളത്. ദൈവത്തെ തോന്നുന്നതായി തിരുവെഴുത്തിൽ ഒരിടത്തും ആരെയും പറയുന്നില്ല.

അനുഭവജ്ഞാനാതീതമായ അധികാരത്തിന്റെ ദൈവത്തെ ആളുകൾ തിരസ്കരിക്കുന്നു. മനസ്സിന്റെ ഉള്ളിലുള്ള ദൈവത്തിൽ അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അതു മനസ്സിന്റെ ഒരു തോന്നലാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ,

തിരുവെഴുത്തിലെ പരമോന്നതനായ ദൈവത്തെ അവർ തങ്ങളുടെ ഇഛക്കനുസരിച്ചു ചുരുക്കുന്നു. നാം നമ്മെ ഉയർത്തി ദൈവത്തെപോലെ ആകുന്നതിനു പകരം, നാം ദൈവത്തെ നമ്മെപോലെ ആക്കുവാൻ ശ്രമിക്കുന്നു. ദൈവമേ, നിന്റെ ദാസൻ സംസാരിക്കുന്നതു കേൾക്കേണമേ എന്നാണോ, ദൈവമേ, നീ സംസാരിക്കേണമേ, നിന്റെ ദാസനായ അടിയൻ കേൾക്കാം എന്നാണോ? നിങ്ങൾ ഏതു തിരഞ്ഞെടുക്കും? ദൈവം എന്റെ രാം പൈലറ്റാണ്, എന്നു നിങ്ങൾ പറയുമെങ്കിൽ, നിങ്ങൾ നിങ്ങളുടെ ഇരിപ്പിടം മാറ്റേതു്! ദുഃഖകരമായ വസ്തുത, ദൈവത്തിന്റെ സാന്നിധ്യം തോന്നുന്നു എന്നു പറയുന്ന പലരും ദൈവശബ്ദം കേൾപ്പാൻ കൂട്ടാക്കുന്നില്ല എന്നതാണ്. വീണുപോയ മനുഷ്യനു ബൈബിളിൽ മുഴുവനും ഒരു ഉപദേശമാണ് നല്കുന്നത്: *ശ്രദ്ധിക്കുക!* മനുഷ്യനു ശ്രദ്ധിക്കുവാനും, വിശ്വസിക്കുവാനും, അനുസരിക്കുവാനും, ജീവിക്കുവാനും അവൻ ദൈവമുൻപാകെ താഴണം.

പ്രാർത്ഥനയിൽ ശ്രദ്ധിക്കണം! പ്രാർത്ഥന ഭയഭക്തിയോടുകൂടെയായിരിക്കണം! ദൈവസന്നിധിയിലേക്കു ധൃതി പിടിച്ചല്ല വരേത്. ദൈവസന്നിധിയിൽ കുട്ടികളെപോലെ പെരുമാറരുത്. പ്രാർത്ഥന ഭയഭക്തിയോടുകൂടെ ആയിരിക്കണം കാരണം നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. ദൈവത്തെ ഭയപ്പെടുക! നിങ്ങളുടെ മുട്ടുമടക്കി ... മുഖം കുനിച്ചു ... വിറച്ചു ... നന്ദി നിറഞ്ഞവരായി നിശ്ശബ്ദരായിരിക്കുക ... കീഴ്പ്പെടുക ... അടിയറവു വെക്കുക ... സമർപ്പിക്കുക ... സന്തോഷിക്കുക ... ദൈവത്തെ സ്തുതിക്കുക! സ്വാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി ദൈവത്തെ ചെറുതാക്കുന്നു. *ദൈവം ... മാറ്റമില്ലാത്ത ദൈവമാണ്*! അവിടെയാണ് പ്രാർത്ഥന ആരംഭിക്കുന്നതും, തുടരുന്നതും, അവസാനിപ്പിക്കുന്നതും. യേശു ലളിതമായി പ്രാർത്ഥിച്ചു, നിന്റെ ഇഷ്ടം നടക്കേണമേ. നിന്റെ ഇഷ്ടം മാറേണമേ, എന്നു നാം പ്രാർത്ഥിക്കരുത്.

അതുകൊു, പ്രാർത്ഥന ഒരു സമ്പ്രദായമല്ല; അതു ഒരു ബന്ധമാണ്. തന്റെ സൃഷ്ടികർത്താവിന്റെ മുൻപിൽ മനുഷ്യൻ തന്നെത്താൻ താഴ്ത്തുന്നു. പ്രാർത്ഥനയിൽ കടമക്കായി വിവരിക്കുന്നു. അവൻ പറയുന്നു, എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ; ദൈവമേ, എനിക്കു അങ്ങയെ വേണം; ദൈവമേ നിന്നെ കിട്ടുവാൻ, ഞാൻ ആഗ്രഹിക്കുന്നു! ആത്മീയതയുടെ സത്ത ആശ്രയമാണ്. ദൈവത്തെ അറിഞ്ഞാൽ നാം വിചാരിക്കുന്നതും, ജീവിക്കുന്നതും, മറ്റുള്ളവരോടു പെരുമാറുന്നതുമായ നമ്മുടെ രീതി മാറും. ദൈവത്തെ വേവർ പ്രാർത്ഥിക്കും! അവർ ആരാധിക്കുന്ന ദൈവത്തെപോലെയുള്ളവരാകും. ദൈവത്തെകുറിച്ചുള്ള ഉന്നതമായ പഠനമാണ് പ്രാർത്ഥനയെകുറിച്ചുള്ള പഠനം.

# ഞങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ

## ലൂക്കൊസ് 11:1-13

> അവൻ ഒരു സ്ഥലത്തു പ്രാർത്ഥിച്ചുകൊിരുന്നു, തീർന്നശേഷം ശിഷ്യന്മാരിൽ ഒരുത്തൻ അവനോടു, കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ, ഞങ്ങളേയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ *എന്നു പറഞ്ഞു (ലൂക്കൊസ് 11:1).*

*ഞങ്ങളെ* പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ. ... *എന്നെ* പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ. നമുക്കു പരിചയമുള്ള വാക്യങ്ങൾ നാം വളരെ അടുത്തു നോക്കേതു്; പരിചയമില്ലാത്ത വാക്യങ്ങൾ വായിക്കണം. യേശു അധികാരത്തോടെ ഉപദേശിക്കുന്നതാണ് ശിഷ്യന്മാർ കേട്ടത്; അവൻ വലിയ അത്ഭുതങ്ങൾ ചെയ്യുന്നതു അവർ കു; അവന്റെ ശക്തിയിൽ അവർ ആശ്ചര്യപ്പെട്ടു ... എങ്കിലും, അവർ യോജിച്ച്, അവനോട് ആവശ്യപ്പെട്ടു, പ്രാർത്ഥിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ. പ്രാർത്ഥന ജന്മവാസനയാണ്, കാരണം മതത്തിന്റെ പ്രാധാന്യം തന്നെ പ്രാർത്ഥനയാണ്. നാം ഗൃഹവിരഹദുഃഖിതരാണ്; അതിനുള്ള ചികിത്സയാണ് പ്രാർത്ഥന. വലിയ അനുഭവത്തിനുള്ള ഒരു ചെറിയ വാക്കാണ് പ്രാർത്ഥന. ലോകത്തിൽവെച്ചു പ്രാർത്ഥനയെ കുറിച്ചുള്ള വലിയ ഒറ്റ പ്രബന്ധമാണ്, നമ്മുടെ വേദഭാഗമായ, ലൂക്കൊസ് 11:1-13. പ്രാർത്ഥനയെകുറിച്ചുള്ള ശിഷ്യന്മാരുടെ പ്രാർത്ഥന യേശു കേട്ടു! പ്രാർത്ഥനയെ സംബന്ധിച്ച എല്ലാ മൗലികമായ തത്വങ്ങളും ഈ വേദഭാഗത്തു പഠിപ്പിച്ചിട്ടു്. ആരോ പറഞ്ഞു,

> മുൻപു പ്രാർത്ഥിച്ചിട്ടില്ലാത്ത ആ പ്രാർത്ഥന
> അയാൾ ഇപ്പോൾ പ്രാർത്ഥിക്കട്ടെ,
> മുൻപു പ്രാർത്ഥിച്ചിട്ടുള്ള ആൾ
> ഇപ്പോൾ കൂടുതൽ പ്രാർത്ഥിക്കട്ടെ.

ഒരു ശാസ്ത്രജ്ഞനോടു, ഏറ്റവും വലിയ ഗവേഷണം എന്താണ്? എന്നു ചോദിച്ചപ്പോൾ, മറുപടി പറഞ്ഞു, പ്രാർത്ഥനയെ കുറിച്ചു കുപിടിക്കുക. സഭാംഗങ്ങൾ ആരാധനക്കുവരുന്നതു പ്രസംഗം കേൾക്കുന്നതിനാണെന്നു സാധാരണ ഉപദേഷ്ടാക്കന്മാർ കരുതുന്നു. അടിസ്ഥാനപരമായി അല്ല! എങ്ങനെ പ്രാർത്ഥിക്കണം എന്നറിയുവാനാണ് അവർ വരുന്നത്. പ്രാർത്ഥന എന്നാൽ ആത്മീയമായി ശ്വസിക്കുന്നതാണ്. പ്രാർത്ഥന സ്വാഭാവികമായേക്കാം, എന്നാൽ വളരെ ബുദ്ധിമുട്ടാണ്. ഞാൻ ഒരു പ്രാർത്ഥനയാണ്. ദൈവമേ, എന്നെ അറിയേണമേ. മതത്തിൽ എന്തു ചെയ്യണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്? എന്നു നിങ്ങൾ ചോദിച്ചാൽ, ഒരുപോലെ കിട്ടുന്ന ഉത്തരം പ്രാർത്ഥിക്കുക എന്നായിരിക്കും. മതത്തിൽ നിങ്ങളുടെ ഏറ്റവും വലിയ പരാജയം എന്ത്? എന്നു നിങ്ങളോടു ചോദിച്ചാൽ, കിട്ടുന്ന നിസാര ഉത്തരം പ്രാർത്ഥന എന്നാ

യിരിക്കും.

ഭീകരമായ നരകാ-ഗ്നിയും കോപവുമുള്ള ഉപദേഷ്ടാവായിട്ടാണ് നാം യോഹന്നാൻ സ്നാപകനെ കുറിച്ചു വിചാരിക്കുന്നത്. അവനെ പ്രാർത്ഥനയുടെ ഉപദേഷ്ടാവും, പ്രാർത്ഥിക്കുന്ന മനുഷ്യനുമായിട്ടാണ് അവന്റെ ശിഷ്യന്മാർ കത്. സ്വതന്ത്രമായ വേദശാസ്ത്രത്തിൽ (സ്വാതന്ത്ര്യം) മുഴുകിയിരിക്കയാണ് ആധുനിക മനുഷ്യൻ. മിസ്രയീമിൽ അടിമകളായിരുന്ന എബ്രായരും അങ്ങനെയാണെന്നാണ് വിചാരിച്ചത്! അവർ നിലവിളിച്ചു, ഞങ്ങളെ വിടുവിക്കേണമേ! ദൈവം വിടുവിച്ചു. അവർ പുറപ്പെട്ടു വരികയായിരുന്നു. അവർ സ്വതന്ത്രരായെങ്കിലും ദാഹമുള്ളവരായിരുന്നു! സ്വാതന്ത്ര്യം മാത്രമുള്ള മനുഷ്യൻ വിചിത്രജീവിയാണ്. മനുഷ്യനു ദാഹമു്! നൂറ്റാുകൾക്കു മുൻപു, അഗസ്റ്റിൻ,[1] നിരീക്ഷിച്ചു, അങ്ങിൽ വിശ്രമിക്കുന്നതുവരെ ഞങ്ങളുടെ ആത്മാക്കൾക്കു വിശ്രമമില്ല. ദൈവത്തിനായി ദാഹമുള്ളവരാണ് മനുഷ്യവർഗ്ഗം! ദൈവത്തോടു ബന്ധപ്പെടുവാനുള്ള അടിസ്ഥാന മാർഗമാണ് പ്രാർത്ഥന. അപ്പൊസ്തലന്മാർക്കു അത്ഭുതങ്ങൾ ചെയ്യുവാൻ കഴിഞ്ഞു. അതു ആവേശം കൊള്ളിക്കുന്നതാണ്! എന്നാൽ അവർ ആഴത്തിൽ, പ്രാർത്ഥിക്കുവാൻ ആഗ്രഹിച്ചു. മതത്തിൽ പ്രാർത്ഥനയുടെ സ്ഥാനത്തു മറ്റൊന്നില്ല. പ്രാർത്ഥനയിന്മേലുള്ള യുദ്ധമാണ്, വാസ്തവത്തിൽ, മതത്തിലുള്ള യുദ്ധം. പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ; ദൈവമേ അങ്ങ് എന്നിൽ വസിക്കേണമേ.

## പ്രാർത്ഥന വിശ്വാസമാണ്

പ്രാർത്ഥന പ്രാധാന്യമുള്ളതാണ്, കാരണം അതു ദൈവവുമായുള്ള നമ്മുടെ ബന്ധത്തെയും, വാസ്തവത്തിലുള്ള നമ്മുടെ വിശ്വാസത്തെയും, നമ്മുടെ ജീവിതത്തെയും പ്രദർശിപ്പിക്കുന്നു. അതുകൊാണ് പ്രാർത്ഥനയുടെ പ്രാധാന്യത്തെകുറിച്ചു ചിന്തിക്കുമ്പോൾ തന്നെ നാം ഭയപ്പെടുന്നതു! പ്രാർത്ഥന ചുരുക്കുക എന്നാൽ വിഗ്രഹാരാധനപോലെ ദൈവത്തോടുള്ള ബന്ധം പുറത്തു കാണിക്കുകയാണ്. ടെലിവിഷൻ പ്രാസംഗികർ പറയുന്നതു, അതിനു പേരിടുകയും അവകാശപ്പെടുകയും ചെയ്യുക; അധികപ്രസംഗം നടത്തി പിടിച്ചുപറിക്കുക എന്നാണ്. അതു വെളിപ്പെടുത്തുന്നതു ദൈവത്തെ കുറിച്ചുള്ള നമ്മുടെ അത്യാഗ്രഹത്തെയും, ചൂഷണത്തെയുമാണ്. *പ്രാർത്ഥന ഭയപ്പെടുത്തുന്നു!* നാം പ്രാർത്ഥിക്കാതിരിക്കയോ, കുറച്ചു മാത്രം പ്രാർത്ഥിക്കയോ ചെയ്താൽ നാം ദൈവത്തിൽ ആശ്രയിക്കുന്നില്ല എന്നു വ്യക്തം. പ്രാർത്ഥനയിൽ നാം നിരാശരാണെങ്കിൽ, ദൈവം നമുക്ക് ഉത്തരം നല്കുമെന്ന് കരുതി, നാം നമ്മുടേതായ ദൈവങ്ങളെ ഉാക്കും. തീർച്ചയായും, നമുക്ക് നിരാശയെ ആരാധിക്കുവാൻ സാധ്യമല്ല. കാരണം ദൈവം ദൈവമാണ്, അവനിൽ ആശ്രയിക്കുവാൻ കഴിയണം. തങ്ങളുടെ സ്വാർത്ഥതയനുസരിച്ചു ലഭിക്കേതിനു തങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ, എന്നു ശിഷ്യന്മാർ ആവശ്യപ്പെട്ടില്ല. യേശു ദൈവവുമായി നല്ല നിലയിലായിരുന്നു എന്നു അവർക്ക് അറിയാമായിരുന്നു. ഒരു സ്വർഗീയപിതാവുമായി ഏറ്റവും അടുത്ത ബന്ധം യേശുവിനുായിരുന്നതായും അവർ മനസിലാക്കിയിരുന്നു. അവനിലുായിരുന്നതിനു വേി അവർ ദാഹിച്ചിരുന്നു! അവനിൽ സൂത്രമോ അല്ലെങ്കിൽ അടയാളമോ അവർ കില്ല; അവന്റെ ആകർഷണീയമായ വാക്കുകളിൽ അല്ല അവർ സംപ്രീതരായത്. അവർ അതു കപ്പോൾ അവർക്കു ശരിയായ പ്രാർത്ഥന തിരിച്ചറിയുവാൻ കഴിഞ്ഞു! അതു കറ-പുര കണ്ണാടി പോലെയോ

അല്ലെങ്കിൽ വിശുദ്ധവീഞ്ഞു പോലെയോ അല്ല കതു. മനുഷ്യൻ സർവ്വശക്തന്റെ മുൻപിൽ തന്നെത്താൻ താഴ്ത്തുന്നതാണ് പ്രാർത്ഥന! ദൈവ*ത്തോടു* സംസാരിക്കുന്നതിലുപരിയാണ് പ്രാർത്ഥന. ദൈവ*ത്തിലേക്ക്* ശ്രദ്ധിക്കുന്നതിലുപരിയാണ് പ്രാർത്ഥന. ദൈവത്തോടു*കൂടെ* ആയിരിക്കുന്നതാണ് പ്രാർത്ഥന!

*എങ്ങനെ* പ്രാർത്ഥിക്കണമെന്നു പഠിപ്പിക്കുവാനല്ല, ശിഷ്യന്മാർ ആവശ്യപ്പെട്ടത്, പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമേ എന്നാണ്. വിമർശനപരമായ വ്യത്യാസം അതിലു്. നാം പ്രാർത്ഥനയെ കുറിച്ചു സംസാരിക്കും; പ്രാർത്ഥനയെ കുറിച്ചു ദശലക്ഷക്കണക്കിനു പുസ്തകങ്ങളും ടേപ്പുകളും ഇറക്കിയിട്ടു്; നാം പ്രാർത്ഥനയിൽ ധ്യാനത്തിൽ ഏർപ്പെടും. ഇവയൊക്കെ നമ്മെ നിരാശപ്പെടുത്തിയിട്ടു്. എന്തുകൊ്? കാരണം അവ തിരിച്ചുപോകുന്ന പദ്ധതി, ചതിയിലേക്കാണ്. പ്രാർത്ഥിച്ചുകൊു മാത്രമേ നിങ്ങൾക്കു പ്രാർത്ഥന ശീലിക്കുവാൻ കഴിയൂ! പ്രാർത്ഥിക്കണം എന്ന തോന്നലുാകുമ്പോൾ മാത്രം പ്രാർത്ഥിക്കുന്ന വ്യക്തിക്കു അധികം പ്രാർത്ഥിക്കുവാൻ കഴിയുകയില്ല. പ്രാർത്ഥിച്ച ശേഷം നിങ്ങൾക്കു കൂടുതൽ ചെയ്യുവാൻ കഴിയും, പക്ഷെ പ്രാർത്ഥിക്കുന്നതുവരെ നിങ്ങൾക്കു അധികമൊന്നും ചെയ്യുവാൻ സാധ്യമല്ല എന്നതു വാസ്തവമാണ്. *ആദ്യം പ്രാർത്ഥിക്കുക!* നാം ജീവിക്കുവാൻ പ്രാർത്ഥിക്കുന്നു! പ്രാർത്ഥന ജീവിതമാണ്! മതത്തിന്റെ ഹൃദയമാണ് പ്രാർത്ഥന. കർത്താവേ, ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസം പൊറുക്കേണമേ എന്നായിരിക്കണം നമ്മുടെ പ്രാർത്ഥനയുടെ സാരാംശം (മർക്കൊസ് 9:24). ... ദൈവമേ, പാപിയായ എന്നോടു, കനിവുാകേണമേ! എന്നതാണ് പ്രാർത്ഥന (ലൂക്കൊസ് 18:13). പ്രാർത്ഥന ഏറ്റുപറയുന്നതാണ്. പ്രാർത്ഥന കീഴ്പ്പെടലാണ്. നിസ്സഹായതയാണ് പ്രാർത്ഥന. ദൈവത്തിങ്കലേക്കു നോക്കുന്നതാണ് പ്രാർത്ഥന. പ്രാർ ത്ഥന അനുസരണമാണ്. ദൈവത്തോടുകൂടെയുള്ള ജീവിതമാണ് പ്രാർത്ഥന.

ഏതൊരു പരാജയവും പ്രാർത്ഥനയുടെ അഭാവം മൂലമാണ്. ഏതൊരു പാപവും പ്രാർത്ഥനയുടെ പരാജയഫലമാണ്. പ്രാർത്ഥിക്കുന്നതിനേക്കാൾ എളുപ്പമാണ് പ്രാർത്ഥനയെകുറിച്ചു എഴുതുന്നത്; നിങ്ങൾക്കു പ്രാർത്ഥനയെകുറിച്ചു പല വസ്തുതകളും അറിയാം അതേസമയം പ്രാർത്ഥിക്കാതെയുമിരിക്കാം. നാം പ്രാർത്ഥനക്കായി നമ്മെ സമർപ്പിക്കണം. ആ അർത്ഥത്തിൽ പ്രാർത്ഥനാനിയമമാണ് വിശ്വാസനിയമത്തെക്കാൾ മുന്നിൽ നിൽക്കുന്നത്.

> ദൈവത്തോടും മനുഷ്യരോടും ഏതൊരാൾക്കും ചെയ്യുവാൻ കഴി
> യുന്ന മഹത്തായ കാര്യം പ്രാർത്ഥിക്കുക എന്നതാണ്.
> അതു മാത്രമല്ല കാര്യം, എന്നാൽ അതു മുഖ്യമായ കാര്യമാണ്.
> മഹാന്മാരായി തീർന്നവരെല്ലാം പ്രാർത്ഥിക്കുന്ന
> വരായിരുന്നു.
> ഞാൻ അർത്ഥമാക്കിയതു പ്രാർത്ഥനയെകുറിച്ചു സംസാരിക്കുന്നവരെയല്ല;
> പ്രാർത്ഥനയിൽ വിശ്വസിക്കുന്നു എന്നു പറയുന്നവരെയുമല്ല;
> പ്രാർത്ഥനയെകുറിച്ചു വിശദമാക്കുവാൻ കഴിയുന്നവരെയുമല്ല;
> പിന്നെയോ പ്രാർത്ഥനക്കായി സമയം കത്തെിയവരെയാണ്
> ഞാൻ അർത്ഥമാക്കിയത്.
>
> എസ്.ഡി.ഗോർഡൻ

## പ്രാർത്ഥന ശക്തിയാണ്

യേശു പ്രാർത്ഥിക്കുന്നതു കേൾക്കുവാൻ കഴിഞ്ഞവരായിരുന്നു ശിഷ്യന്മാർ! എത്ര അത്ഭുതകരമായ നേട്ടം! മൂന്നു വർഷത്തോളം അവർ യേശുവിനെ പല സാഹചര്യത്തിലും കിട്ടു്. അവൻ ഉപദേശിക്കുന്നതു അവർ കേട്ടിട്ടു്, രോഗികളെ സൗഖ്യമാക്കുന്നതും, അവൻ കുട്ടികളെ അനുഗ്രഹിക്കുന്നതും കിട്ടു്. അവന്റെ പ്രാർത്ഥനാജീവിതത്തോട് അവ ഒന്നും തുലനം ചെയ്യാവുന്നതായിരുന്നില്ല! പ്രാർത്ഥനയായിരുന്നു യേശുവിന്റെ മഹത്വം! ഒരു മാതൃകയിലധികമായിരുന്നു പ്രാർത്ഥന; അത് ഒരു ശക്തി ആയിരുന്നു.

ഒരു ചെറിയ പ്രാർത്ഥന ചൊല്ലുവാനായിരുന്നില്ല യേശു ശിഷ്യന്മാരെ പഠിപ്പിച്ചത്. പ്രാർത്ഥിക്കുന്നതും പ്രാർത്ഥന ചൊല്ലുന്നതും രും രാണ്. യേശു പ്രാർത്ഥിച്ചു. പ്രാർത്ഥിക്കുവാൻ അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. യേശു അവരോടൊപ്പം ഉായിരുന്നെങ്കിലും, പ്രാർത്ഥനയുടെ തീഷ്ണമായ ആവശ്യം അവർ കിരുന്നു. യേശുവിനു പ്രാർത്ഥിക്കേ ആവശ്യമുായിരുന്നെങ്കിൽ, നമുക്ക് എത്രയധികം? യേശുവിനു പ്രാർത്ഥന മുഖ്യവിഷയം ആയിരുന്നെങ്കിൽ, നമുക്കും അതു മുഖ്യവിഷയമാകണം.

അതുകൊു, സഭയുടെ പ്രവൃത്തി പ്രാർത്ഥനയാണ്. സഹായം ആവശ്യപ്പെടലും അനുഗ്രഹം നൽകലുമായി നാം പ്രാർത്ഥന സഭയിൽ ചുരുക്കരുത്. നമ്മുടെ പരസ്യപ്രാർത്ഥന മനുഷ്യരോട് ആയിരിക്കാതെ ദൈവത്തോട് ആയിരിക്കണം. അധികപ്രാർത്ഥന കൃത്രിമമായിപോകും. ശൈലികൾ പുറത്തുകളയണം. നാം ദൈവത്തിന്റെ ഹൃദയത്തിലേക്കാണോ അതോ മനുഷ്യരുടെ ചെവികളിലേക്കാണോ പ്രാർത്ഥിക്കുന്നത്? നമ്മുടെ തന്നെ പ്രാർത്ഥനയെ നാം ഗൗരവത്തോടെ ശ്രദ്ധിക്കാറുാേ? നമ്മുടെ പ്രതീക്ഷയാണോ അതോ നമ്മുടെ ആവശ്യമാണോ നാം പ്രാർത്ഥിക്കുന്നത്? അതു നല്ലതാണെന്നു തോന്നിയാൽ, ഒരുപക്ഷെ ചതിയായിരിക്കാം! *നാം വാസ്തവത്തിൽ പ്രാർത്ഥിക്കുന്നുാേ? നാം എപ്പോഴെങ്കിലും വാസ്തവത്തിൽ പ്രാർത്ഥിച്ചിട്ടുാേ?* ആദ്യസഭ പ്രാർത്ഥിച്ചപ്പോൾ വീട് കുലുങ്ങി (പ്രവൃത്തികൾ 4:31). യേശുവിൽ ചിലത് ഉായിരുന്നു എന്നു ശിഷ്യന്മാർ മനസിലാക്കിയിരുന്നു. അവനിലുായിരുന്നതു അവർ ആഗ്രഹിച്ചിരുന്നു! ഇന്നു സഹോദരങ്ങൾ പ്രാർത്ഥിച്ചാൽ എന്തു സംഭവിക്കും? ബൈബിളിലെ ഏറ്റവും പൊതുവായുള്ള കല്പനകളിൽ ഒന്നാണ് പ്രാർത്ഥന, എന്നിട്ടും അനുസരിക്കുന്നവർ ചുരുക്കം. സഭ പരാജയപ്പെടുന്നതു പ്രാർത്ഥിക്കുന്നതിൽ പരാജയപ്പെടുന്നതുകൊാണ്. നമ്മുടെ ശരിയായ വ്യക്തിത്വം വെളിപ്പെടുത്തുന്നതാണ് പ്രാർത്ഥന; അതുകൊ്, നാം ആദാമിനെപോലെ, കുറ്റിച്ചെടികൾക്കു പിന്നിൽ ഒളിക്കുവാൻ തീരുമാനിക്കും. അഹങ്കാരം പുറത്തു പ്രകടിപ്പിക്കുന്നതിനെ തടയുന്നതാണ് പ്രാർത്ഥന. ക്രിസ്ത്യാനിക്കു ഏറ്റവും പ്രായോഗികമായി ചെയ്യാവുന്നതാണ് പ്രാർത്ഥന. നിങ്ങൾക്കു ദീർഘമായി പ്രസംഗിക്കുവാൻ കഴിഞ്ഞേക്കാം, പക്ഷെ നിങ്ങൾ ഒരിക്കലും ദീർഘമായി പ്രാർത്ഥിക്കുകയില്ല. പ്രാർത്ഥനക്കപ്പുറമായി നാം ഒന്നും ചെയ്യരുത്!

## പ്രാർത്ഥന മാതൃകയാണ്

പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ എന്നു, ശിഷ്യന്മാർ ആവശ്യപ്പെട്ടെങ്കിലും, എങ്ങനെ എന്നത് അതിൽ ഉൾപ്പെട്ടിരിക്കുന്നു. ആളുകൾക്ക് ഇന്നു സത്യത്തിലോ, ഉപദേശത്തിലോ, മാതൃകയിലോ വലിയ താൽപര്യം

കാണുന്നില്ല. യേശു തുടങ്ങുന്നതു ഒരു രൂപം, ബാഹ്യരൂപരേഖ, അല്ലെങ്കിൽ മാതൃകയോടെയാണ്. ജീവിതത്തിൽ എന്തും തുടങ്ങേതു അടിസ്ഥാന ത്തോടുകൂടിയാണ്. ഫുട്ബോളിന്റെ അടവുകളികളിൽ നാം പരാജയപ്പെടുക യില്ല എന്നാൽ നാം പരാജയപ്പെടുന്നതു അടിസ്ഥാനപരമായി അതിന്റെ രീതി കൈകാര്യം ചെയ്യുന്നതിലാണ്. മുൻതയ്യാറെടുപ്പില്ലാതെ ഒരാൾക്കു പാടുവാൻ കഴിയണമെങ്കിൽ അയാൾ ആദ്യം സംഗീതത്തിന്റെ അടിസ്ഥാനകാര്യങ്ങൾ ഹൃദിസ്തമാക്കണം. യുവാക്കൾ നിയമങ്ങൾ പഠിക്കണം; പ്രായവും ജ്ഞാന വുമുള്ളവർക്കുമാത്രമേ അതിന്റെ ഒഴികഴിവുകൾ അറിയാൻ സാധിക്കൂ. പ്രാർത്ഥന മാതൃകയിൽ ശക്തിയുള്ളതാണ്.

യേശു നമ്മുടെ ശ്രദ്ധയെ തടയുന്നു. അവൻ പ്രാർത്ഥനയുടെ എല്ലാ വശ ങ്ങളും ഏതാനും വാക്കുകളിലൊതുക്കുന്നു. അവന്റെ മാതൃകാ പ്രാർത്ഥന ക്കായി പിന്നീടുള്ള ഒരു പാഠം നൽകുന്നു. യേശു അധികാരപ്പെടുത്തിയതു കൊാണ് അതിനെ കർത്താവിന്റെ പ്രാർത്ഥന എന്നു വിളിക്കുന്നത്. അതു ബൈബിളിൽ ഉള്ളതുകൊ് അതു ബൈബിൾ അനുസാരമാണ്. അതു മനഃ പാഠമാക്കുവാൻ കഴിയും. അതു പറയുവാൻ കഴിയും. അതു പ്രാർത്ഥിക്കു വാൻ കഴിയും. അതു പാടുവാൻ കഴിയും. അതു പഠിക്കേതാണ്. നാം എല്ലാം ആരംഭിക്കുന്നതു അവിടെയാണ്.

## പ്രാർത്ഥന സ്ഥിരോൽസാഹമാണ്

നമുക്ക് പ്രാർത്ഥനയോടുള്ള നിസാരഭാവത്തെ യേശു എടുത്തുകാണി ക്കുന്നു. അവൻ നമ്മെ ഞെട്ടിപ്പിക്കുന്നു! യേശു ശിഷ്യന്മാരുടെ അപേ ക്ഷക്കുള്ള മറുപടി, ലളിതമായ രൂപത്തിൽ നൽകുകയാണ്! അതു നിരാശപ്പെ ടുത്തുന്നതായേക്കാം! ഒരു രഹസ്യവാക്കും നല്കിയില്ല. ബാലിശമായ രഹ സ്യമൊന്നും അവൻ അവിടെ ഉപയോഗിച്ചില്ല. മാതൃകയിൽ തുടങ്ങി, പിന്നെ തുടരുക! നിങ്ങൾ ഗൗരമായി ഇടപെട്ടില്ലെങ്കിൽ, പിന്നെ ദൈവം എന്തിനു ഇട പെടണം? നിങ്ങൾ പ്രാർത്ഥനയിൽ വിഷമിക്കുന്നില്ലെങ്കിൽ, പിന്നെ ദൈവം എന്തിനു കേൾക്കണം? പ്രാർത്ഥിക്കുക എന്നാൽ ചിന്തിക്കുക എന്നതാണ്. പ്രാർത്ഥിക്കുന്നതു കീഴ്പ്പെടലാണ്. പ്രാർത്ഥിക്കുന്നതു ചോദിക്കുന്നതും, അന്വേ ഷിക്കുന്നതും, മുട്ടുന്നതുമാണ്. ചോദിച്ചുകൊും, അന്വേഷിച്ചുകൊും, മുട്ടി ക്കൊും ഇരിക്കുക. ദൈവം ഒരു കുപ്പിയിൽ നിശ്ചലമായിരിക്കുന്നില്ല. പ്രാർത്ഥന പ്രവൃത്തിയാണ്. പ്രാർത്ഥന ബുദ്ധിമുട്ടാണ്. പ്രാർത്ഥനക്കു സമയം എടുക്കും. പ്രാർത്ഥനക്കു നമ്മുടെ ചുുകൾ മാത്രമല്ല, നമ്മുടെ ജീവിതവും ആവശ്യമാണ്. കുറെപേർ പ്രാർത്ഥിക്കുന്നു്. അതിലും കുറവാണ് സ്ഥിരത യോടെ പ്രാർത്ഥിക്കുന്നവർ. ദൈവത്തോടു ഒരാൾ കൈയ്യടിക്കുന്നില്ല. പ്രാർത്ഥന ഒരു ആജ്ഞയല്ല.

യേശുവിനു ദൈവത്തെ മാത്രമല്ല, നമ്മെയും അറിയാം. ലൂക്കൊസ് 11:5-8 ലെ രു സ്നേഹിതന്മാരുടെ ഒരു ഉപമയുപയോഗിച്ച്, സ്ഥിരോത്സാഹത്തെ അവൻ ചിത്രീകരിക്കുന്നു്. നാം ആവശ്യത്തിനു സ്നേഹിതന്മാരെ വിളി ക്കാറു്. ഏറ്റവും നല്ല സ്നേഹിതന്മാരാണെങ്കിൽപോലും, നമ്മുടെ സമയവും സ്ഥലവും, നാം ബുദ്ധിയോടെയായിരിക്കും തിരഞ്ഞെടുക്കുന്നത്. അർദ്ധരാത്രി പലപ്പോഴും ശരിയായ സമയം ആയിരിക്കയില്ല! മറ്റൊരാളെ ഉണർത്തുന്നതു പരുഷമായിരിക്കും. ഇടപാടുകൾക്ക് അടുത്ത ദിവസമുല്ലൊ. സ്ഥിരോൽസാ ഹത്തോടുള്ള പ്രതികരണത്തിൽ, നിങ്ങളുടെ അപേക്ഷ അർദ്ധരാത്രിക്കു ശേഷ

മായാലും നിങ്ങളുടെ സ്നേഹിതൻ പിറുപിറുപ്പോടെ ആണെങ്കിൽ പോലും സമ്മതിക്കും. ലൂക്കൊസ് 11:5-8 ലെ ഉപമ ദൈവത്തിന്റെ മനസ്സില്ലായ്മയെയല്ല പഠിപ്പിക്കുന്നത്; പിന്നെയോ ദൈവത്തിന്റെ മനസിനെയാണ് പഠിപ്പിക്കുന്നത്. പ്രാർത്ഥന ശക്തിയുള്ളതാണ് കാരണം ദൈവം ദൈവമാണ്. ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല; ഞാൻ ദൈവത്തിലാണ് വിശ്വസിക്കുന്നത്. ദൈവം എല്ലായിടത്തുമുള്ളതാണ്. അന്തിമമായി പ്രാർത്ഥിക്കുകയല്ലാതെ പ്രാർത്ഥനയെകുറിച്ചു യാതൊരു തർക്കവുമില്ല. പ്രാർത്ഥന എല്ലായ്പോഴും ഒരു പുതിയ സാഹചര്യം ഉാക്കുന്നു. പ്രാർത്ഥനക്കുശേഷം എല്ലാം വ്യത്യാസമുള്ളതാകുന്നു. മാതൃക ശീലിച്ച്, സ്ഥിരോൽസാഹമുള്ളവരാകുക.

**പ്രാർത്ഥന ലഭിക്കുന്നതാണ്**

... യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കത്തെും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും (ലൂക്കൊസ് 11:9). ബൈബിളിൽ 667 പ്രത്യേകമായ അപേക്ഷകൾ പറഞ്ഞിട്ടുന്നെും, അതിനു 654 പ്രത്യേകമായ മറുപടിയും ഉന്നെു ആരോ നിരീക്ഷിക്കയുായി. അത് ഒരു ഉയർന്ന ശതമാനമാണ്! അതിനർത്ഥം പതിമൂന്നു പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കാതെ പോയി എന്നല്ല! പ്രാർത്ഥനയുടെ വിശേഷതകളെല്ലാം ലൂക്കൊസ് 11-ലു്. *പ്രാർത്ഥിക്കുക ... പ്രാർത്ഥിക്കുക ... പ്രാർത്ഥിക്കുക!* എന്തൊരു വാഗ്ദാനങ്ങൾ! ദൈവം വാഗ്ദാനങ്ങൾ നടത്തുന്നവനും വാഗ്ദാനങ്ങൾ പാലിക്കുന്നവനുമാണ്! നിന്റെ വിശ്വസ്തത വലുതാകുന്നു! യാചിപ്പിൻ ... അന്വേഷിപ്പിൻ ... മുട്ടുവിൻ! സ്ഥിരോൽസാഹത്തോടെയുള്ള പ്രാർത്ഥന ലഭിക്കുന്നതാണ്. ദാവീദിന്റെ സങ്കീർത്തനങ്ങൾ വായിക്കുക. നമ്മെ അറിയുന്നതിൽ, യേശു അപ്പന്മാരെ അറിഞ്ഞു. ഞാൻ ഒരു അപ്പനാണ്; ഞാൻ ഒരു വെല്യപ്പനാണ്. അപ്പന്മാർ സ്നേഹത്തോടെ നല്കുന്നു. യേശു മാതൃകയിൽനിന്നു സ്നേഹിതന്മാരിലേക്കും പിന്നെ പിതാക്കന്മാരിലേക്കും പോയി! ഭൗമിക പിതാക്കന്മാർ നല്കുന്നവരാകുമ്പോൾ, സ്വർഗീയപിതാവു എത്ര അധികം നല്കും? പ്രാർത്ഥനയാണ് ആദ്യവാക്ക്. പ്രാർത്ഥനയിലാണ് നാം തുടങ്ങുന്നത്. അവസാനവാക്കും പ്രാർത്ഥനയാണ്.

ഈ ചോദ്യങ്ങൾ പരിഗണിക്കുക: (1) *നാളെ* യേശു വരുമെന്നു നമുക്ക് അറിയാമെങ്കിൽ, *ഇന്നത്തെ* ദിവസം എത്രമാത്രം പ്രാർത്ഥനക്കു വേനൽകും? (2) സ്വർഗത്തിൽ വെച്ച്, ഞാൻ അധികം പ്രാർത്ഥിക്കേതായിരുന്നുവെന്ന്, നാം മിക്കപേരും സമ്മതിക്കുകയില്ലേ?

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***

---

കുറിപ്പു

[1]ഒരു ദൈവശാസ്ത്ര പണ്ഡിതനും എഴുത്തുകാരനുമായ, അഗസ്റ്റിൻ, ലാറ്റിൻ പിതാക്കന്മാരിൽ ഒരാളായിരുന്നു (എ.ഡി. 354-430).